നം. സി.ഇ.ഇ/2762/2008/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## അസ്സീസിയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിന് സർക്കാർ മെരിറ്റ് സീറ്റിലേയ്ക്കുള്ള അലോട്ട്മെന്റ് - 2008

**സൂചന:- (1) Govt. Letter No. 24108/S3/08/H&FWD, TVM, തീയതി: 15.11.2008.**
**(2) G.O.(Rt)No.1714/2008/H.Edn.TVM, Dated: 17.11.2008.**

ബഹു: സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജായ **കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ച് (AZC) ലെ** 50% എം.ബി. ബി.എസ്. സർക്കാർ മെറിറ്റ് സീറ്റിലേയ്ക്ക് ഓപ്ഷൻ സ്വീകരിക്കുന്നതിനായി സർക്കാർ, പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ 2008 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികൾക്ക് **19.11.2008 രാവിലെ 10 മണി മുതൽ 23.11.2008 വൈകുന്നേരം 5 മണി വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2008 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് അലോട്ട്മെന്റ് പ്രകാരം സർക്കാർ/ സർക്കാർ-നിയന്ത്രിത/സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഇപ്പോൾ സർക്കാർ മെറിറ്റ് സീറ്റിൽ എം.ബി.ബി.എസ ിന് അലോട്ട്മെന്റ് ലഭിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ഓപ്ഷൻ രജിസ്ട്രേഷനിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയില്ല. എന്നാൽ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി (CMC), അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ (KNM) എന്നീ രണ്ടു കോളേജുകളിലെ 35% മാനേജ്മെന്റ് സീറ്റിൽ എം.ബി.ബി.എസിന് അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമാണെങ്കിൽ ഈ ഓപ്ഷൻ രജിസ്ട്രേഷനിൽ പങ്കെടുക്കാവുന്നതാണ്. ഇവർക്ക് ഈ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ പ്രോസ്പെക്ടസ് ക്ലാസ് 12.2.4 പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

ഇപ്പോൾ സർക്കാർ കോളേജുകളിൽ മറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ നേടി പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ, ഈ ഓപ്ഷൻ രജിസ്ട്രേഷനിൽ പങ്കെടുത്ത് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കുകയില്ല.

സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മറ്റ് കോഴ്സുകൾക്ക് അഡ്മിഷൻ നേടി ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ, ഈ ഓപ്ഷൻ രജിസ്ട്രേഷനിൽ പങ്കെടുത്ത് അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അവർക്ക് ലിക്വിഡേറ്റഡ് ഡാമേജസ് ബാധകമായിരിക്കും.

**കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ചിലെ** പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഒരു സംവരണ സീറ്റിലേയ്ക്ക്, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർ **29.10.2008** ന് നടത്തിയ പ്രത്യേക പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ നിന്നും അലോട്ട് ചെയ്യുന്നതാണ്. അതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഈ ഓപ്ഷൻ രജിസ്ട്രേഷനിൽ പങ്കെടുക്കേണ്ടതില്ല. എന്നാൽ ഇവർ, ഓപ്ഷൻ നേരിട്ട് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നൽകേണ്ടതാണ്.

**കൊല്ലം, അസ്സീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & റിസർച്ചിലെ 50% സർക്കാർ സീറ്റിലേയ്ക്കുള്ള അലോട്ട്മെന്റും അഡ്മിഷനും, ബഹു: സുപ്രീം കോടതിയുടെ അന്തിമ വിധിക്കും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷൻ ഓർഡേഴ്സിനും വിധേയമായിരിക്കും.**

തിരുവനന്തപുരം
17.11.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**